**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3193** **04-08-2021 - ൽ മറുപടിയ്ക്ക്**

**പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിനോടനുബന്ധിച്ച് നിർമ്മാണം പൂർത്തിയായ നാല് നിലകളുള്ള, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ പി.ഡബ്ല്യൂ.ഡി യും - HLL ഉം ചേർന്ന് നിർമ്മാണ പ്രവത്തികൾ ഏതാണ്ട് പൂർത്തിയാക്കി കെട്ടിടം കൈമാറിയിട്ടുണ്ട്. ലിഫ്റ്റ്, ഫയർ & സേഫ്റ്റി, ഹൈടെൻഷൻ പ്രവർത്തികൾക്കായി 1.5 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെക്നിക്കൽ സാങ്ഷൻ ലഭ്യമാക്കുന്ന വിഷയം ചീഫ് എഞ്ചിനീയർ പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കലിന്റെ പരിഗണനയിലാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പി.ഡബ്ല്യൂ.ഡി.യ്ക്ക് ടെൻഡർ നടപടികൾ തുടങ്ങാനാകൂ. ലേബർ റൂം ഓപ്പറേഷൻ തീയറ്റർ തുടങ്ങിയവയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവയ്ക്കായി ഭരണാനുമതി പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രി പൂർണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് അലോപ്പതി വിഭാഗത്തിലെ ഗൈനക്കോളജിസ്റ്റ്, പീഡിയാട്രിസ്റ്റ്. ആർ.എം.ഒ. തുടങ്ങിയ തസ്തികകളിൽ നിയമനം നടക്കേണ്ടതുണ്ട്. (മറ്റുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് ഇന്റർവ്യൂ വഴി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തിട്ടുണ്ട്) എന്നാൽ നിരവധി തവണ ഇന്റർവ്യൂ നടത്തിയെങ്കിലും പ്രസ്തുത അലോപ്പതി തസ്തികകളിലേക്ക് ആരും ഹാജരായില്ല. പ്രസ്തുത തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിനായി ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ശിപാർശ നൽകിയിട്ടുണ്ട്. ഉദ്ഘാടനം കഴിഞ്ഞയുടൻ കണ്ണൂർ ജില്ലാ കളക്ടർ സി.എഫ്. എൽ.ടി. യ്ക്ക് വേണ്ടി ആശുപത്രി ഏറ്റെടുത്തിയിരിക്കുകയമാണ്. അത് വിട്ടുകിട്ടുകയും, അലോപ്പതി വിഭാഗം തസ്തികകളിൽ ജീവനക്കാരെ ലഭിക്കുകയും ലിഫ്റ്റ്, ഫയർ & സേഫ്റ്റി ഹൈടെൻഷൻ സംവിധാനങ്ങൾ നിലവിൽ വരികയും ചെയ്ത ശേഷം ആവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളും |

| | | | |
|---|---|---|---|
| | | | വാങ്ങാൻ അനുമതി നൽകി ആശുപത്രി പൂർണ്ണതോതിൽ പ്രവർത്തനമാരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ആശുപത്രിക്ക് ഇതു വരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ബി) | സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ സിവിൽ ഇലക്ട്രിക്കൽ പ്രവർത്തികൾക്കായി 10.29 കോടിയും ലേബർ റൂം ഓപ്പറേഷൻ റൂം പ്രവൃത്തികൾക്കായി 1.63 കോടി രൂപയും ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ